# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1300 — 06.02.2020 ൽ മറുപടിക്ക്

**ജനസൗഹൃദ വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.പി.ജെ.ജോസഫ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കാൻ വില്ലേജ് ഓഫീസർമാർക്ക് വേണ്ട പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ജനസൗഹൃദപരമായ പെരുമാറ്റവും ഉയർന്ന തലത്തിലുള്ള സേവനവും ഉറപ്പ് വരുത്തുന്നതിനായി വില്ലേജ് ഓഫീസ് ജനസൗഹൃദം പരിശീലന പരിപാടി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ നടന്നുവരുന്നു. നിലവിൽ തിരുവനന്തപുരം കൊല്ലം ജില്ലകളിലെ വില്ലേജ് ഓഫീസർമാർക്ക് വില്ലേജ് ഓഫീസ് ജനസൗഹൃദം പരിശീലനം നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിലെ എല്ലാ വില്ലേജ് ഓഫീസർമാർക്കും പരിശീലനം നൽകുന്നതാണ്. |
| (ബി) ജനങ്ങളുടെ പ്രശ്നങ്ങൾക്ക് മുഖ്യ പരിഗണന നൽകുന്നതിനും സാധ്യമായ വിഷയങ്ങളിൽ ജനങ്ങൾ പലതവണ ഓഫീസ് കയറി ഇറങ്ങേണ്ട അവസ്ഥ ഒഴിവാക്കുന്നതിനും വേണ്ട നടപടി ഏർപ്പെടുത്തുമോ; | (ബി) | നിലവിൽ വില്ലേജോഫീസുകളിൽ ഇ-ഡിസ്ട്രിക്റ്റ്, റെലിസ് എന്നീ ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്. ഇ-ഡിസ്ട്രിക്റ്റ് മുഖേന വിവിധ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനാൽ ടി വിഷയത്തിൽ വില്ലേജോഫീസുകളിൽ കയറി ഇറങ്ങേണ്ട അവസ്ഥ ഇല്ല. റെലിസ് സംവിധാനം നിലവിൽ വന്നതിനാൽ പോക്കുവരവ് ഓൺലൈൻ മുഖേനയാണ്. റെലിസ് മുഖേന ഓൺലൈനായി ഭൂനികുതിയുൾപ്പെടെയുള്ള വിവിധ ടാക്സുകൾ അടയ്ക്കാനുള്ള സംവിധാനവും നിലവിലുണ്ട്. |
| (സി) വില്ലേജ് ഓഫീസർമാർക്ക് പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വില്ലേജ് സ്റ്റാഫിന് വേണ്ട പരിശീലനം നടത്തുമോ, വിശദമാക്കുമോ ? | (സി) | വില്ലേജ് സ്റ്റാഫുകൾക്ക് വിവിധ റവന്യൂ വിഷയങ്ങളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റിൽ പരിശീലനം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**